**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **31-01-2024 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന മങ്കട നിയോജക മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിൽ മൂർക്കനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനായി ജല ജീവൻ മിഷൻ പദ്ധതിയിൽ 30772 ഗാർഹിക കുടിവെള്ള കണക്ഷനുകൾ ഉൾപ്പടെ 29625 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മൂർക്കനാട്, പുഴക്കാട്ടിരി, കുറുവ, കൂട്ടിലങ്ങാടി, മക്കരപറമ്പ്, മങ്കട എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള കുടിവെള്ള വിതരണ വിപുലീകരണത്തിൻറെ ഭാഗമായി കിണർ, ജലശുദ്ധീകരണശാല, ട്രാൻസ്മിഷൻ മെയിൻ, ഉന്നതതല ജലസംഭരണികൾ, വിതരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തൽ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 11 പാക്കേജുകളിലായി പ്രവൃത്തി നടന്നുക്കൊണ്ടിരിക്കുന്നു. അവസാനഘട്ടത്തിൽ ഭരണാനുമതി നൽകിയ കുറുവ പഞ്ചായത്തിലെ കുടിവെള്ള വിതരണം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവൃത്തി ഉൾപ്പെടെ 2 പാക്കേജുകൾ ടെണ്ടർ സ്റ്റേജിലാണ്. ബാക്കിയുള്ള എല്ലാ പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്. |
| (ബി) | പൈപ്പ് ലൈൻ സ്ഥാപിക്കൽ ഏതെല്ലാം തദ്ദേശസ്ഥാപനങ്ങളിൽ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മൂർക്കനാട്, പുഴക്കാട്ടിരി, കുറുവ, കൂട്ടിലങ്ങാടി, മക്കരപറമ്പ്, മങ്കട എന്നീ ഗ്രാമപഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ പൂർത്തിയാക്കാനുണ്ട്. |
| (സി) | പദ്ധതിയുടെ ജല സ്രോതസ്സ് നിലനിർത്തുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന കീഴ്മുറികടവ് മൂതിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; ഇതിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസിയ്ക്ക് നിർദ്ദേശം നൽകുമോ; | (സി) | കീഴ്മുറിക്കടവ് മൂതികയം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയിലുള്ള പാലത്തിന്റെയും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. റെഗുലേറ്ററിന്റെ ഷട്ടറുകൾ ഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവയും ഉടൻ തന്നെ പൂർത്തീകരിക്കുന്നതാണ്. കൂടാതെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 6(1) & 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ സാമൂഹ്യ ആഘാത പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ |

| | | | |
|---|---|---|---|
| | | | റവന്യൂ വകുപ്പ് സ്വീകരിച്ചു വരുന്നു. സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയായാൽ ഉടൻ തന്നെ അപ്രോച്ച് റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | ഈ കുടിവെള്ള പദ്ധതി സമയ പരിധി നിശ്ചയിച്ച് പൂർത്തീകരിച്ച് മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മേൽ പറഞ്ഞ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന 6 പഞ്ചായത്തുകളിലേയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ